15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3460 | 26-10-2021 - ൽ മറുപടിയ്ക്ക്

## കാർഷിക വിളകൾക്ക് അടിസ്ഥാന വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പ് പഴം പച്ചക്കറികൾ എന്നിവയിൽ ഓരോ ഇനത്തിനും നിശ്ചയിച്ചയിച്ചിട്ടുള്ള അടിസ്ഥാന വില വിശദമാക്കാമോ; | (എ) | 26/10/2020 തീയതിയിലെ സ.ഉ. (എം.എസ്) 80/2020/കൃഷി നം.ഉത്തരവ് പ്രകാരം കേരള ഫാം ഫ്രെഷ് പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രഖ്യാപന ത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു. (അനുബന്ധമായി ചേർക്കുന്നു) |
| (ബി) | കാർഷിക വിളകൾക്ക് അടിസ്ഥാന വില നൽകി സംഭരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള , വിസ്തീർണം, വിത സംബന്ധിച്ച വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവിശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇത് കൃഷി ഭവനുകളിൽ നിന്നും പരിശോധന നടത്തി ഉറപ്പുവരുത്തുന്നതുമാണ്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അത്പ്രകാരം ഉത്പന്നങ്ങൾ തിരഞ്ഞെടുത്ത 550 വിപണികൾ വഴി നിലവിലെ മാർക്കറ്റ് വിലയ്ക്ക് സംഭരിക്കുകയും ചെയ്യുന്നു . |
| (സി) | കോഴിക്കോട് ജില്ലയിൽ കാർഷികോല്പന്നങ്ങൾ ഏറ്റുവാങ്ങുന്ന സംഭരണ കേന്ദ്രങ്ങളുടെ പട്ടിക നൽകാമോ? | (സി) | കോഴിക്കോട് ജില്ലയിൽ കാർഷികോല്പന്നങ്ങൾ ഏറ്റുവാങ്ങുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള സംഭരണ കേന്ദ്രങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. 1. വെള്ളന്നൂർ സ്വാശ്രയ കർഷക സമിതി 2. ചേളാന്നൂർ സ്വാശ്രയ കർഷക സമിതി 3. പേരാമ്പ്ര സ്വാശ്രയ കർഷക സമിതി 4. കാക്കൂർ സ്വാശ്രയ കർഷക |

| | | | |
|---|---|---|---|
| | | | സമിതി 5. കീഴ്പ്പറമ്പ സ്വാശ്രയ കർഷക സമിതി 6. കൊടിയത്തൂർ സ്വാശ്രയ കർഷക സമിതി 7. കൂടരഞ്ഞി സ്വാശ്രയ കർഷക സമിതി 8. കുന്നമംഗലം സ്വാശ്രയ കർഷക സമിതി 9. മാവൂർ സ്വാശ്രയ കർഷക സമിതി 10. മുക്കം സ്വാശ്രയ കർഷക സമിതി 11. മണിയൂർ സ്വാശ്രയ കർഷക സമിതി 12. താമരശ്ശേരി സ്വാശ്രയ കർഷക സമിതി 13. തലക്കളത്തൂർ സ്വാശ്രയ കർഷക സമിതി 14. തിരുവമ്പാടി സ്വാശ്രയ കർഷക സമിതി 15. ഉള്ളിയേരി സ്വാശ്രയ കർഷക സമിതി 16. ഹോർട്ടികോർപ്പ് കോഴിക്കോട് കോർപറേഷൻ 17. ഹോർട്ടികോർപ്പ് തോടന്നൂർ 18. കൂരാച്ചുണ്ട് എ ഗ്രേഡ് ക്ലസ്റ്റർ 19. താമരശ്ശേരി ഇക്കോഷോപ്പ് 20. വേങ്ങേരി മൊത്ത വ്യാപാരവിപണി |

സെക്ഷൻ ഓഫീസർ

| **ക്രമ നം.** | **വിള** | **അടിസ്ഥാന വില** |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |